**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3456** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉപകരണങ്ങൾ/കീടനാശിനികൾ വിൽക്കുന്നതിനുള്ള ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ, കീടനാശിനികൾ എന്നിവ വിൽക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | കാർഷിക ഉപകരണങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കാർഷിക ആവശ്യത്തിനായി കീടനാശിനി വിൽക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. 1. സ.ഉ(എം.എസ്)നം.310/2010/കൃഷി തീയതി 02.12.2010 (കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു) 2.സ.ഉ (എം.എസ്)നം.22/2011/കൃഷി തീയതി 17.01.2011 (കീടനാശിനികളുടെ വിതരണവും, ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ) 3.സ.ഉ (എം.എസ്)നം.116/2011/കൃഷി തീയതി 07.05.2011 (വിഷവീര്യം കൂടിയ കീടനാശിനികൾ പൂർണ്ണമായും നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്) 4.സ.ഉ (എം.എസ്)നം.136/2011/കൃഷി തീയതി 23.05.2011 (എൻഡോസൾഫാൻ നിരോധനം ശക്തിപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡിന്റെ രൂപീകരണം) 5. സ.ഉ(എം.എസ്)നം.128/2015/കൃഷി തീയതി 28.07.2015 (രാസകീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ) 6. കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ ടി.ക്യൂ(1)19361/2019 തീയതി 24.05.2019 (ഗ്ലൈഫോസേറ്റും, ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ്) 7. കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ ടി.ക്യൂ(1)2001/2019 തീയതി 28.05.2019 (വിരാട് കീടനാശിനി വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ്) |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്ന് അറിയിക്കുമോ; അപേക്ഷകളുടെ മാതൃക ലഭ്യമാക്കുമോ; | (ബി) | കാർഷിക ഉപകരണങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കാർഷിക ആവശ്യത്തിനായി കീടനാശിനി വിൽക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. 1. സ.ഉ(എം.എസ്)നം.310/2010/കൃഷി തീയതി 02.12.2010 (കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു) 2.സ.ഉ (എം.എസ്)നം.22/2011/കൃഷി തീയതി 17.01.2011 (കീടനാശിനികളുടെ വിതരണവും, ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ) 3.സ.ഉ (എം.എസ്)നം.116/2011/കൃഷി തീയതി 07.05.2011 (വിഷവീര്യം കൂടിയ കീടനാശിനികൾ പൂർണ്ണമായും നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്) 4.സ.ഉ (എം.എസ്)നം.136/2011/കൃഷി തീയതി 23.05.2011 (എൻഡോസൾഫാൻ നിരോധനം ശക്തിപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡിന്റെ രൂപീകരണം) 5. സ.ഉ(എം.എസ്)നം.128/2015/കൃഷി തീയതി 28.07.2015 (രാസകീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ) 6. കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ ടി.ക്യൂ(1)19361/2019 തീയതി 24.05.2019 (ഗ്ലൈഫോസേറ്റും, ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ്) 7. കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ ടി.ക്യൂ(1)2001/2019 തീയതി 28.05.2019 (വിരാട് കീടനാശിനി വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ്) |
| (സി) | പ്രസ്തുത ഓഫീസുകളിൽ നിന്നും ശരിയായ വിധത്തിലുള്ള മറുപടി കർഷകർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ലൈസൻസ് നൽകുന്ന ഓഫീസിന്റെ ഔദ്യോഗിക ഫോൺ നമ്പർ, ഇമെയിൽ എന്നിവ ലഭ്യമാക്കുമോ; | (ഡി) | ലൈസൻസ് നൽകുന്ന അധികാരിയുടെ പേരും, ഓഫീസിന്റെ ഔദ്യോഗിക ഫോൺ നമ്പർ ഇ-മെയിൽ വിലാസം എന്നിവ അനുബന്ധം-II ചേർക്കുന്നു. |
| (ഇ) | ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണോ; | (ഇ) | ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | www.keralaagriculture.gov.in-ൽ Farmers and Public Corner-ൽ ലഭ്യമാണ്. |
| (എഫ്) | ലൈസൻസ് നടപടികൾ ഓൺലൈൻ ആക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | സ്വീകരിച്ചിട്ടുണ്ട്. കീടനാശിനി ഉൽപ്പാദനം, മൊത്തവിപണനം, ചില്ലറ വിൽപ്പന, പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻ എന്നീ പ്രവർത്തനങ്ങൾക്ക് പുതിയ ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ 30/10/2020 മുതൽ KSWIFT പോർട്ടൽ മുഖേനയാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കേരള സംസ്ഥാന ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന കീടനാശിനികളുടെ ഉൽപാദനവും വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

കൃഷി (എൻ സി എ ) വകുപ്പ്

സ ഉ (എം എസ്) നം 310/2010/കൃഷി　　　　തിരുവനന്തപുരം, തീയതി 2/12/2010

---

പരാമർശം -
1) സ ഉ (പി) നമ്പർ 39/2010/കൃഷി തീയതി 10-2-2010
2) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12/8/2002ലെ ഒ.പി 20716/2002 17626/2002 16330/01 29371/01 എന്നീ കേസുകളിലെ വിധിന്യായം

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവുപ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി കേരളത്തെ മുഴുവനായും രാസകീടനാശിനിവിമുക്ത മേഖലയാക്കി മാറ്റുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ് കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാന്റെ ഉപയോഗംമൂലം ഉണ്ടായി എന്നു കരുതപ്പെടുന്ന മരണവും രോഗങ്ങളും അവിടുത്തെ ജനങ്ങളിൽ ആകമാനം ഭീതി വളർത്തിയിരിക്കുകയാണ് ഇപ്പോഴും ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു ഇത് ഒരു സാമൂഹിക പ്രശ്നമായി വളർന്നിരിക്കുന്നു. വിഷാംശം കൂടിയ രാസകീടനാശിനികളുടെ സ്ഥിരമായ ഉപയോഗംമൂലം മനുഷ്യർക്കും ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ഉണ്ടാകുന്ന പാർശ്വഫലങ്ങൾ ദീർഘകാലം നിലനിൽക്കുന്നുവെന്നതിനാൽ ഇതിന്റെ ഉപയോഗത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പരാമർശം രണ്ട് പ്രകാരം നിരീക്ഷിച്ചിരുന്നു ഇപ്പോൾ ഇക്കാര്യത്തിൽ ഉയർന്നു വന്നിട്ടുള്ള പൊതുജനാഭിപ്രായവും ഇത്തരത്തിലുള്ളതാണ്

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്വമാണെന്ന ബോദ്ധ്യത്തോടെയും ജൈവകൃഷി നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന്റെ ഭാഗമായും. കാസർഗോഡ് ജില്ലാ പൂർണ്ണമായും ജൈവകൃഷി മേഖലയാക്കി മാറ്റുക എന്നലക്ഷ്യത്തിലേക്കുള്ള ആദ്യ നടപടിയായി വിഷാംശം കൂടിയ കടും ചുവപ്പും (ബ്രൈറ്റ്

റെഡ്) കടും മഞ്ഞയും (ബ്രൈറ്റ് യെല്ലോ) ലേബലുകളിൽ വിൽക്കപ്പെടുന്ന രാസകീടനാശിനികളുടെ ഉൽപാദനവും വിതരണവും ഉപയോഗവും കാസർഗോഡ് ജില്ലയിൽ നിരോധിച്ചുകൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു

3 കേരള കാർഷിക സർവ്വകലാശാല ഇപ്പോൾ നടപ്പിലാക്കിവരുന്ന ജൈവകീടനാശിനി അടിസ്ഥാനമാക്കിയുളള 'പാക്കേജ് ഓഫ് പ്രാക്ടീസ് കാസർഗോഡ് ജില്ലയിൽ മൊത്തമായി ഉടൻതന്നെ വ്യാപിപ്പിക്കേണ്ടതാണ് . ഇത് നടപ്പിലാക്കുന്നതിനാവശ്യമായ പ്രചാരണ-ബോധവത്കരണപരിപാടികളും നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ അനന്തരനടപടികളും കൃഷി ഡയറക്ടറും കേരള കാർഷിക സർവ്വകലാശാലയും കൈക്കൊളേളണ്ടതാണ്

ഗവർണറുടെ ഉത്തരവിൻപ്രകാരം

**കെ.ജയകുമാർ**
**അഡീഷണൽ ചീഫ് സെക്രട്ടറി &**
**അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ**

1 കൃഷി വകുപ്പ് ഡയറക്ടർ. തിരുവനന്തപുരം
2 രജിസ്ട്രാർ കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി. തൃശ്ശൂർ
3 മെമ്പർ സെക്രട്ടറി ജൈവ വൈവിധ്യബോർഡ് തിരുവനന്തപുരം
4 അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ്ഇ) കേരള തിരുവനന്തപുരം
5 ഡയറക്ടർ വിവര പൊതുജന സമ്പർക്ക വകുപ്പ് (ആവശ്യമായ പ്രസിദ്ധീകരണത്തിന്)
6 പ്രിൻസിപ്പൾ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം
7 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
8 സ്റ്റേറ്റ് പൊല്യൂഷ്യൻ കൺട്രോൾ ബോർഡ്
9 ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
10 ആഭ്യന്തര വകുപ്പ്
11 സാമൂഹ്യക്ഷേമ വകുപ്പ്
12 നികുതി വകുപ്പ്
13. പരിസ്ഥിതി വകുപ്പ്
14 തദ്ദേശസ്വയംഭരണ വകുപ്പ്
15 കൃഷി (പി.യു/പി.ബി) വകുപ്പുകൾ
16 ജില്ലാ കളക്ടർ. കാസർഗോഡ്
17 സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസർഗോഡ്
18 കൺട്രോളർ, ലീഗൽ മെട്രോളജി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :

1 കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2 കാർഷി ഉൽപാദന കമ്മീഷണറുടെ പി എ
3 കൃഷി വകുപ്പ് സെക്രട്ടറിയുടെ പി എ

NCA3

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കേരള സംസ്ഥാന ജൈവ കാർഷിക നയം - സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

[illegible] നം. 22/2011/കൃഷി തിരുവനന്തപുരം, തീയതി, 17.1.11

---

പരാമർശം: 1. 10.2.2010 ലെ സ.ഉ. (പി) നമ്പർ 39/2010 /കൃഷി.
2. 25.8.01 ലെ ജി.ഒ (ആർ.റ്റി) നം.1422/2001/കൃഷി.
3. 31.10.2006 ലെ കേന്ദ്ര സർക്കാരിന്റെ എസ്.ഒ.1874 ( ഇ ) നമ്പർ വിജ്ഞാപനം.
4. 2.11.10 ലെ സ.ഉ (എം.എസ്) നം. 310/2010/കൃഷി.
5. 1.1.11 ന് കൃഷി വകുപ്പു മന്ത്രി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം [illegible] ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം ജൈവ കൃഷി നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കാർഷിക മേഖലയെ 10 വർഷംകൊണ്ട് പൂർണ്ണമായും ജൈവകൃഷി രീതിയിലേക്ക് മാറ്റുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

31.10.2006 ലെ കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം പ്രകാരം എൻഡോസൾഫാന്റെ ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

കേരളത്തെ മുഴുവനായും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി, പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് സർക്കാരിന്റെ പ്രഥമ[illegible] ഉത്തരവാദിത്വമാണെന്ന ബോധ്യത്തോടെയും ജൈവകൃഷി നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി വിഷാംശം കൂടിയ ചുവപ്പും കടും മഞ്ഞയും ലേബലുകളിലുള്ള കീടനാശിനികളുടെ വിതരണവും ഉപയോഗവും [illegible] സൂചന 4 ലെ ഉത്തരവു പ്രകാരം കീടനാശിനിയുടെ ഉപയോഗത്താൽ കടുത്ത ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ച കാസർഗോഡ് ജില്ലയിൽ നിരോധിക്കുകയുണ്ടായി.

നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നതായും ഇതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുമുള്ള പത്രവാർത്തകൾ ജനങ്ങൾക്കിടയിൽ കടുത്ത ആശങ്കകൾ ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അവരുടെ ആശങ്കൾ ദൂരീകരിക്കേണ്ടതും പരിസ്ഥിതിക്ക് ദോഷകരമാകാത്തതും, ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമായ കാർഷിക വിളവുകൾ ഉറപ്പാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനാൽ കൃഷിയിടങ്ങളിൽ കീടനാശിനികളുടെ വിവേചന രഹിതവും, അനിയന്ത്രിതവുമായ വിതരണവും ഉപയോഗവും തടയുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവാകുന്നു.

1. കൃഷിവകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻെറ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ.

2. വിളയുടെ പേരും രോഗവും വ്യക്തമാക്കികൊണ്ട് ഏത് കീടനാശിനിയാണ് വേണ്ടതെന്നും (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കിയിരിക്കണം.

3. കർഷകരുടെ വിളകൾ രോഗബാധയിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും, സസ്യസംരക്ഷണ മാർഗ്ഗങ്ങളും, കരുതൽ നടപടികൾ ഉൾപ്പെടെ, നിർദ്ദേശിക്കുന്നതിനുള്ള ഉത്തരവാദിത്വം കൃഷി ഓഫീസർക്കായിരിക്കും.

4. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടി അനുസരിച്ച് മാത്രം മരുന്ന് വിതരണം ചെയ്യേണ്ടതും ആയതിൻെറ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനാവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനക്ക് നൽകേണ്ടതുമാണ്.

5. മേലിൽ ലൈസൻസ് നൽകുമ്പോൾ ഇക്കാര്യം ഒരു നിബന്ധനയായി ചേർക്കേണ്ടതാണ്.

6. വീഴ്ചവരുത്തുന്ന ഡീലർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൃഷി വകുപ്പിലെ കൃഷിഭവൻതലം മുതൽ മുകളിലേക്കുള്ള എല്ലാ കൃഷി ഉദ്യോഗസ്ഥന്മാർക്കും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

ഉടനടി പ്രാബല്യത്തിൽ വരുന്ന ഈ ഉത്തരവ് നടപ്പാക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ കൃഷി ഡയറക്ടർ ഉടൻ ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.ശോഭ,

ജോയിൻറ് സെക്രട്ടറി.

കൃഷി (പി.പി.എം.) തിരുവനന്തപുരം

[illegible]

[illegible] കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ

[illegible] സെക്രട്ടറി, [illegible] ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കാസർഗോഡ്

അക്കൗണ്ടൻറ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(ആവശ്യമായ പ്രസിദ്ധീകരണത്തിന്)

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

ആഭ്യന്തര വകുപ്പ്

സാമൂഹ്യക്ഷേമ വകുപ്പ്

നികുതി വകുപ്പ്

പരിസ്ഥിതി വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

കൃഷി (പി.യു/പി.ബി വകുപ്പുകൾ)

സെക്രട്ടറി, ജില്ല പഞ്ചായത്ത്, കാസർഗോഡ്,

കൺട്രോളർ, ലീഗൽ മെട്രോളജി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എയ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്.
കൃഷി വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ യ്ക്ക്.

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - ജൈവ കാർഷിക നയത്തിന്റെ ഭാഗമായി വിഷവീര്യം കൂടിയ കീടനാശിനികൾ/കുമിൾനാശിനികൾ/കളനാശിനികൾ പൂർണ്ണമായും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

ജി.ഒ(എം.എസ്) നം. 116 /2011/കൃഷി തീയതി, 7.5.2011.

---

പരാമർശം:- 1) 10.2.2010 ലെ സ.ഉ. (പി) നമ്പർ 39/2010 /കൃഷി.
2) 2/12/2010 ലെ സ.ഉ(എം.എസ്) 310/2010/ കൃഷി
3) 17/01/2011 ലെ സ.ഉ(എം.എസ്) 22/2011/കൃഷി.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തെ മുഴുവനായും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്നത് സർക്കാരിന്റെ നയമാണ്. ഇതു പ്രാവർത്തികമാക്കുന്നതിന്റെ ആദ്യ പടിയായി കാസർഗോഡ് ജില്ലയിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെട്ടിരുന്ന കീടനാശിനികളുടെ ഉൽപാദനവും വിതരണവും ഉപയോഗവും നിരോധിച്ചുകൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം കേരളത്തിലെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ജൈവകൃഷി നയം പ്രാവർത്തികമാക്കുന്നതിന്റെ തുടർനടപടി എന്ന നിലയിൽ വിഷവീര്യം കൂടിയതും മനുഷ്യ ജീവന് ഹാനികരവുമായ കീടനാശിനികൾ കേരളത്തിൽ ഇപ്പോഴും ഉപയോഗത്തിൽ ഉള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കീടനാശിനികൾ/കുമിൾനാശിനികൾ/ കളനാശിനികൾ എന്നിവയുടെ വിൽപ്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവാകുന്നു.

വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ CARBOFURAN, PHORATE, METHYL PARATHION, MONOCROTOPHOS, METHYL DEMETON എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടുകൂടിയ കീടനാശിനികളായ TRIAZOPHOS, PREPHENOPHOS എന്നിവയും കുമിൾ നാശിനികളായ EDIPHENPHOS, TRICYLAZOLE, OXYTHIOQUINOX എന്നിവയും കളനാശിനിയായ ANILOPHOS, PARAQUAT, THIOBENCARB, ATRAZIN .

ഇതിന് പകരം ഉപയോഗിക്കാവുന്ന ജൈവിക രോഗ കീടനാശിനികളും പ്രതിരോധ മാർഗ്ഗങ്ങളും വിള പരിപാലന മുറകളും കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് ഉരുത്തിരിച്ചെടുക്കേണ്ടതാണ്. ഇതിനായി കമ്മിറ്റി രൂപീകരിക്കുന്നതാണ്.

ഇതിലെ അംഗങ്ങൾ കൃഷി വകുപ്പു ഡയറക്ടർ, കർഷിക സർവ്വകാലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി, ഗവേഷണ വിഭാഗം മേധാവി, അഡീഷണൽ ഡയറക്ടർ, കോ-പ്രൊഡക്ഷൻ കൃഷി വകുപ്പ്, ബയോ ഡൈവേഴ്സിറ്റി ചെയർമാൻ എന്നിവരായിരിക്കും. നിരോധിക്കപ്പെടുന്ന കെമിക്കലിൻെറ ബദൽ നിർദ്ദേശങ്ങൾ ഈ കമ്മിറ്റി സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് പ്രാവർത്തികമാക്കാനുള്ള നടപടി ക്രമങ്ങൾ ടി കമ്മിറ്റി 10 ദിവസത്തിനുള്ളിൽ നിർദ്ദേശിക്കേണ്ടതാണ്.

ഈ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാല ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.എ.ജയതിലക്,
സെക്രട്ടറി.

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളായണി, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, കാസർഗോഡ്
അക്കൗണ്ടൻറ് ജനറൽ (എആൻറ്ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ആവശ്യമായ പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
ആഭ്യന്തര വകുപ്പ്
സാമൂഹ്യക്ഷേമ വകുപ്പ്
നികുതി വകുപ്പ്
പരിസ്ഥിതി വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
കൃഷി (പി.യു/പി.ബി വകുപ്പുകൾ)
സെക്രട്ടറി, ജില്ല പഞ്ചായത്ത്, കാസർഗോഡ്,
കൺട്രോളർ, ലീഗൽ മെട്രോളജി.

True copy
[signature]
SO

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എയ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്.
കൃഷി വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ യ്ക്ക്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Secti 3/45/2010/5 lakhs GPM © Govt of Kerala

C20323

GOVERNMENT OF KERALA

## Abstract

Agriculture Department – Checking illegal transport, stocking and use of endosulfan – formation of Multi Disciplinary Squad at district level to strictly implement endosulfan ban – orders issued.

---

### Agriculture (NCA) Department

G.O(Ms) No.136 /2011/AD Dated; Thiruvananthapuram, 23 /05/2011

Read:- Government of India Notification No. S.O.1874(E) dated 31/10/2006

### Order

Government of India, as per Notification read above, have prohibited the use of Endosulfan in the State of Kerala. In order to strictly enforce the ban, Government have decided to take all efforts to prevent the illegal transport, storage and use of endosulfan in all parts of the State.

In order to prevent the entry, transport and use of endosulfan in large plantations and farmers field, the following orders are issued with immediate effect:

Multi Disciplinary Squad shall be formed at district level with the following members.

1. District Collector as Chairman
2. Principal Agricultural Officer as Convenor
3. Commissioner of Police / Superintendent of Police
4. Deputy Commissioner, Sales Tax
5. Assistant Excise Commissioner
6. Sub Divisional Magistrate
7. District Public Prosecuter
8. Regional Transport Officer
9. District Labour officer
10. Nominee of Kerala Agricultural University
11. Nominee of Pollution Control Board
12. Deputy Director of Agriculture (T) of the District
13. Assistant Director of Agriculture (QC) in charge of the District
14. Any other officers co-opted by District Collector

The following guidelines are issued in connection with the formation of the Multi Disciplinary Squad.

1. Raids should be conducted in plantations, check posts, vehicles moving to the plantations, godowns of distributors etc where the use and storage of Endosulfan is suspected.

2. Raids should be accompanied by the Agricultural Officer and Assistant Director of Agriculture(QC) in charge of the area.
3. Every suspected container which does not have proper labelling and supporting bills should be seized.
4. Seizure will be under section 22 of Insecticide Act 1968. Mahazar should be written with two witness and also all the records should be seized if found necessary If any problem arises for seizure, section 42 of the Criminal Procedure Code(CrPC) 1973(2 of 1974) may be consulted.
5. Sample of seized chemical should be sent to Central Insecticide Lab, Faridabad for testing.
6. The balance of seized quantity along with the sample should be entrusted to the Magistrate Court having jurisdiction for further proceedings in accordance with the provisions contained in Criminal Procedure Code (CrPC). If the quantity is high it should be kept sealed in the plantation itself.
7. If the test result shows that, the chemical comes under banned/ spurious/ misbranded category, criminal case should be charged under section 29 of the Insecticides Act.
8. The same procedure must be followed in farmers premises and godowns.
9. In the case of suspected falsely labelled chemicals the usual sampling procedure must be followed.
10. In the case of Insecticide dealers and distributors also, usual sampling procedure must be followed.
11. Police protection should be ensured for the Raiding Squad.
12. Vehicles coming through check post should be inspected to prevent the transport of banned chemicals.

(By Order of the Governor)
Dr.A.JAYATHILAK
Secretary.

To

All District Collectors
The Director of Agriculture, Thiruvananthapuram
All Commissioners of Police / Superintendents of Police
Commissioner, Sales Tax, Thiruvananthapuram
Excise Commissioner, Thiruvananthapuram
All District Public Prosecutors
Regional Transport Officers
District Labour Officers
Registrar, Kerala Agricultural University
Secretary, Pollution Control Board
The Principal Accountant General (Audit), Thiruvananthapuram
The Accountant General (A&E), Thiruvananthapuram
The Director, Public Relations Dept
The Principal Information Officer, Farm Information Bureau.
S/F, O/C

Forwarded/By Order,

Section Officer

Agri (NCA)/12/2015-Agri

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - രാസ കീടനാശിനികൾ/കുമിൾനാശിനികൾ/കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗം നിയന്ത്രിയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ(എം.എസ്) നം.128/2015/കൃഷി** **തിരുവനന്തപുരം, തീയതി, 28/07/2015**

പരാമർശം - 1) സ.ഉ(എം.എസ്) നം. 22/2011/കൃഷി, തീയതി, 17/01/2011
2) സ.ഉ(എം.എസ്) നം.116/2011/കൃഷി തീയതി, 07/05/2011
3) 18/05/2015 തീയതിയിലെ കൃഷി ഡയറക്ടറുടെ റ്റി.ഡി.19977/15 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഏർപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം ചുവപ്പ്, മഞ്ഞ ലേബലോടുകൂടിയതും മനുഷ്യ ജീവന് ഹാനികരവുമായ 14 ഇനം കീടനാശിനികൾ/കുമിൾനാശിനികൾ/കളനാശിനികൾ എന്നിവയുടെ വിൽപ്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം കീടനാശിനികളുടെ വിതരണം കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുകൾ നിരവധിയാണ് എന്നും ആയതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് രാസകീട / കുമിൾ / കളനാശിനികളുടെ വിതരണവും , ഉപയോഗവും സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണം എന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്:-

ചുവന്ന ലേബലോടു കൂടിയ METHOMYL, MEMC (Mercuric Chloride) എന്നീ കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കേണ്ടതാണ്. മഞ്ഞ ലേബലോടു കൂടിയ കീടനാശിനികളായ CARBOSULPHAN, CHLORPYRIPHOS, CYPERMETHRIN, LAMDA CYHALOTHRIN നീലലേബലോടു കൂടിയ ACEPHATE, കളനാശിനികളായ 2,4 D,GLYPHOSATE എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീട / കുമിൾ / കളനാശിനികളുടെ

വിതരണവും, ഉപയോഗവും നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശ... പുറപ്പെടുവിക്കുന്നു.

i) ചുവന്ന ലേബലോടു കൂടിയ METHOMYL, MEMC(Mercuric Chloride) എന്നീ കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നു

ii) മഞ്ഞ ലേബലോടു കൂടിയ കീടനാശിനികളായ CARBOSULPHAN, CHLORPYRIPHOS, CYPERMETHRIN, LAMDA CYHALOTHRIN നീലലേബലോടു കൂടിയ ACEPHATE, കളനാശിനികളായ 2,4 D,GLYPHOSATE എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.അജയകുമാർ
സെക്രട്ടറി

കൃഷി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ കേരള കാർഷിക സർവ്വകലാശാല, വെള്ളായണി, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം.
എല്ലാ പ്രൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർക്കും
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
ആഭ്യന്തര വകുപ്പ്
സാമൂഹ്യക്ഷേമ വകുപ്പ്
നികുതി വകുപ്പ്
പരിസ്ഥിതി വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസർഗോഡ്
കൺട്രോളർ, ലീഗൽ മെട്രോളജി.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Reena
സെക്ഷൻ ഓഫീസർ

പകർപ്പ് - കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കാർഷികോത്പാദന കമ്മീഷ്ണറുടെ പി.എയ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

-19-

5

**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം.**

**(ഹാജർ : ഡോ.പി.കെ.ജയശ്രീ IAS)**

വിഷയം - കൃഷി വകുപ്പ് - ഗ്ലൈഫോസേറ്റും, ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും വില്പന നടത്തുന്നതിനുള്ള മൊത്ത വിതരണ/ റീടെയിൽ ലൈസൻസ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സൂചന - 1. സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.121/2019/കൃഷി, തീയതി 02/02/2019
2. സർക്കാർ കത്ത് നം എൻ.സി.എ. 3/381/2018-കൃഷി, തീയതി 22/05/2019

**ഉത്തരവ് നമ്പർ ടി.ക്യു(1)19361/2019, തീയതി 24/05/2019**

കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി സൂചന (1) പ്രകാരം ഗ്ലൈഫോസേറ്റും, ഗ്ലൈഫോസേറ്റ് അടങ്ങിയ ഉല്പന്നങ്ങളും 02/02/2019 മുതൽ 60 ദിവസത്തേക്ക് നിരോധിച്ചിരുന്നു. തുടർന്ന് സൂചന (2) പ്രകാരം ഗ്ലൈഫോസേറ്റും, ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്നതിന് നൽകിയിട്ടുള്ള ലൈസൻസുകൾ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നൽകിയിട്ടുള്ള കീടനാശിനി മൊത്ത വിതരണ/ ചില്ലറ വില്പന ലൈസൻസുകളിൽ നിന്നും ഗ്ലൈഫോസേറ്റും, ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

24/5/19
കൃഷി ഡയറക്ടർ

**പകർപ്പ്:-**

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി)മാർക്കും. (ജില്ലയിലുള്ള കീടനാശിനി മൊത്തവിതരണ ചില്ലറ വില്പന ലൈസൻസുകളിൽ നിന്നും ഉത്തരവിൽ പറഞ്ഞിരിക്കുന്ന കളനാശിനികൾ റദ്ദ് ചെയ്ത് ലൈസൻസ് ഭേദഗതി ചെയ്ത് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.)
3. കീടനാശിനി ലൈസൻസ് എടുത്തിട്ടുള്ള ഡിസ്ട്രിബ്യൂട്ടർമാർക്കും, ഡീലർമാർക്കും. (എല്ലാ ഡീലർമാരും അവരവരുടെ കീടനാശിനി ലൈസൻസിൽ നിന്നും ഗ്ലൈഫോസേറ്റ്, ഗ്ലൈഫോസേറ്റ് അടങ്ങിയ കീടനാശിനി നീക്കം ചെയ്യുന്നതിന് ഒറിജിനൽ ലൈസൻസ് അടിയന്തിരമായി ബന്ധപ്പെട്ട കൃഷി ഭവനിൽ ഹാജരാക്കേണ്ടതാണ്.

**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**തിരുവനന്തപുരം**

**(ഹാജർ : ഡോ.പി.കെ.ജയശ്രീ IAS)**

വിഷയം - വിരാട് (Cypermethrin 3%+ Quinalphas 20%) എന്ന കീടനാശിനി വില്പന നടത്തുന്നതിനുള്ള മൊത്ത വിതരണ/ റീടെയിൽ ലൈസൻസ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സൂചന - 1. കൃഷി ഡയറക്ടറുടെ ടി.ക്യു 22908/19 19.01.2019 തീയതിയിലെ കത്ത്

2. സർക്കാർ കത്ത് നം എൻ.സി.എ. 3/70/2019-കൃഷി, തീയതി 25/03/2019

**ഉത്തരവ് നമ്പർ ടി.ക്യു.(1) 2001/2019, തീയതി 28/05/2019**

പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിൽ കീടനാശിനി തളിച്ച കർഷകതൊഴിലാളി മരിച്ച സംഭവത്തിൽ സംസ്ഥാനത്തൊട്ടാകെ എല്ലാ കീടനാശിനി ഡിപ്പോകളും വിരാട് (Cypermethrin 3%+ Quinalphas 20%) എന്ന കീടനാശിനി വിൽപന നിർത്തി വയ്ക്കാൻ സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കേരള കാർഷിക സർവ്വകലാശാല വിരാട് (Cypermethrin 3%+ Quinalphas 20%) എന്ന കീടനാശിനി ശുപാർശ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ വിൽപന അനുവദിക്കേണ്ടതില്ലെന്നും ശുപാർശ ചെയ്യപ്പെടാത്ത കീടനാശിനി ഉപയോഗിക്കുന്നതിനുള്ള കുറിപ്പടി കർഷകർക്ക് നൽകേണ്ടതില്ല എന്നും കൃഷി ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുന്നതിനും ഡിപ്പോകളിൽ സ്റ്റോക്ക് ചെയ്തിട്ടുള്ള വിരാട് (Cypermethrin 3% + Quinalphas 20%) എന്ന കീടനാശിനി തിരികെ എടുക്കുന്നതിന് മൊത്ത വിതരണക്കാരെയും- ഉല്പാദകരെയും അനുവദിക്കുന്നതിനും സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ തുടർ നടപടിയായി കേരള സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നൽകിയിട്ടുള്ള കീടനാശിനി മൊത്ത വിതരണ/ ചില്ലറ വില്പന ലൈസൻസുകളിൽ നിന്നും വിരാട് (Cypermethrin 3%+ Quinalphas 20%) എന്ന കീടനാശിനി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

കൃഷി ഡയറക്ടർ

S. SWARNAVI
Plant Protection Officer
Agriculture Development and
Farmers Welfare
Thiruvananthapuram-33

**പകർപ്പ്:-**

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

2. എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി) മാർക്കും. (ജില്ലയിലുള്ള കീടനാശിനി മൊത്തവിതരണ ചില്ലറ വില്പന ലൈസൻസുകളിൽ നിന്നും ഉത്തരവിൽ പറഞ്ഞിരിക്കുന്ന വിരാട് (Cypermethrin 3% + Quinalphas 20%) എന്ന കീടനാശിനി റദ്ദ് ചെയ്ത് ലൈസൻസ് ഭേദഗതി ചെയ്ത് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.)

3. കീടനാശിനി ലൈസൻസ് എടുത്തിട്ടുള്ള ഡിസ്ട്രിബ്യൂട്ടർമാർക്കും, ഡീലർമാർക്കും. (എല്ലാ ഡീലർമാരും അവരവരുടെ കീടനാശിനി ലൈസൻസിൽ നിന്നുംവിരാട് (Cypermethrin 3% + Quinalphas 20%) എന്ന കീടനാശിനി നീക്കം ചെയ്യുന്നതിന് ഒറിജിനൽ ലൈസൻസ് അടിയന്തിരമായി ബന്ധപ്പെട്ട കൃഷി ഭവനിൽ ഹാജരാക്കേണ്ടതാണ്.)

**അനുബന്ധം –II**

| കീടനാശിനി ഉൽപ്പാദനം, മൊത്തവിപണനം, പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻ എന്നിവയ്ക്കുള്ള ലൈസൻസ് | | | |
|---|---|---|---|
| **ക്രമ നം.** | **ലൈസൻസ് അനുവദിക്കുന്ന അധികാരിയുടെ ഔദ്യോഗിക മേൽവിലാസം** | **ഫോൺ നമ്പർ** | **ഇ–മെയിൽ വിലാസം** |
| 1 | കൃഷി ജോയിന്റ് ഡയറക്ടർ (PP), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം. | 0471–2305019 | jdappdir@gmail.com |
| **കീടനാശിനി ചില്ലറ വിൽപ്പനയ്ക്കുള്ള ലൈസൻസ്** | | | |
| 1 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, തിരുവനന്തപുരം. | 9383470089 | ddettvpm@gmail.com |
| 2 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം. | 9383470320 | ddetklm@gmail.com |
| 3 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട. | 9383470502 | ddetpta@gmail.com |
| 4 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം. | 9383470706 | ddeandtktm@gmail.com |
| 5 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ. | 9383470563 | ddaealappuzha@gmail.com |
| 6 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം. | 9383471152 | ddaeandtekm@gmail.com |
| 7 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി. | 9383470823 | ddetidk@gmail.com |
| 8 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ. | 9383473435 | ddaettsr@gmail.com |
| 9 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, പാലക്കാട്. | 9383471459 | ddaetpkd@gmail.com |

| | | | |
|---|---|---|---|
| 10 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, മലപ്പുറം. | 9383471620 | ddetpaomalappuram@gmail.com |
| 11 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോഴിക്കോട്. | 9383471781 | ddaetkkd@gmail.com |
| 12 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ. | 9383472031 | ddetknr@gmail.com |
| 13 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, വയനാട്. | 9383471913 | ddaeandtwynd@gmail.com |
| 14 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കാസർഗോഡ്. | 9383471963 | ddaetkasaragod@gmail.com |